**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2958** | **10-03-2025 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിൽ ജൽജീവൻ മിഷൻ നടത്തിവരുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി ജൽജീവൻ മിഷൻ നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | (എ) | മലമ്പുഴ മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി നടത്തിവരുന്ന ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും വാട്ടർ ടാങ്കുകളുടെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (ബി) | മലമ്പുഴ നിയോജകമണ്ഡലത്തിലെ മുണ്ടൂർ, പുതുപ്പരിയാരം, അകത്തേത്തറ, മലമ്പുഴ, മരുതറോഡ്, കൊടുമ്പ് എന്നീ പഞ്ചായത്തുകളിലെ ഉന്നത ജല സംഭരണിയുടെ പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചു. എലപ്പുള്ളി പഞ്ചായത്തിലെ 13 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി പുരോഗമിച്ച് വരുന്നു. മലമ്പുഴ പഞ്ചായത്തിൽ തെക്കേ മലമ്പുഴയിൽ നിർമിക്കേണ്ട 3 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തിയുടെ ടെൻഡർ 23% അധിക നിരക്കിലാണ് ക്വാട്ട് ചെയ്തത്. തുടർന്ന് പ്രവൃത്തി പുനർദർഘാസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മുണ്ടൂർ ഭാഗികം - 12 എം.എൽ.ഡി. ജല ശുദ്ധീകരണശാല കാഞ്ഞിരപ്പുഴ കിഫ്ബി പദ്ധതിയിൽ പൂർത്തീകരിച്ചു. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 23 ലക്ഷം ലിറ്റർ ടാങ്ക് കോങ്ങാട് പഞ്ചായത്തിന് കീഴിൽ ചെയ്തുകൊണ്ടിരിക്കുന്നു, 85% പൂർത്തിയായി. 13 ലക്ഷം ലിറ്റർ ടാങ്ക് കരിമ്പ പഞ്ചായത്തിന് കീഴിൽ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. ഇവ പൂർത്തീകരിച്ചാൽ മാത്രമേ മുണ്ടൂർ പഞ്ചായത്തിലെ 10 വാർഡുകളിൽ പൂർണമായും കുടിവെള്ളം എത്തിക്കാൻ സാധിക്കുകയുള്ളൂ.<br><br>പുതുശ്ശേരി പഞ്ചായത്തിൽ 5 എം.എൽ.ഡി. ജല ശുദ്ധീകരണശാല KSIDC കോമ്പൗണ്ടിൽ 60% പൂർത്തീകരിച്ചു.<br><br>3 ലക്ഷം ലിറ്റർ ടാങ്ക് വാളയാറിൽ 90% പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | 2 ലക്ഷം ലിറ്റർ ടാങ്ക് KSIDC കോമ്പൗണ്ടിൽ 90% പൂർത്തീകരിച്ചു.<br><br>മേല്പറഞ്ഞ ഉപരിതല ജലസംഭരണികളുടെ ഇൻലെറ്റ് ഓഫ് ഡിസ്ട്രിബ്യൂഷൻ പൈപ്പ് ഫിറ്റിംഗ് പ്രവൃത്തികളിൽ ഫിറ്റിങ് പ്രവർത്തികളും ഫിനിഷിങ് പ്രവൃത്തികളുമാണ് ഇനിയും പൂർത്തീകരിക്കാൻ ഉള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**മരുതറോഡ് ഗ്രാമപഞ്ചായത്ത്**

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്**

ഈ പഞ്ചായത്തിലെ OHSR, പമ്പിങ് മെയിൻ എന്നിവയുടെ പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിച്ചു. വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി നാഷണൽ ഹൈവേയിൽ (NH 966) റോഡ് കട്ടിങ് പെർമിഷൻ ലഭ്യമായിട്ടില്ല. നാഷണൽ ഹൈവേയിൽ വിതരണ ശൃംഖല സ്ഥാപിച്ചാൽ മാത്രമേ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും കുടിവെള്ളം എത്തിക്കാൻ സാധിക്കുകയുള്ളു.

**മുണ്ടൂർ ഗ്രാമപഞ്ചായത്ത്**

ഈ പഞ്ചായത്തിലെ OHSR,പമ്പിങ് മെയിൻ എന്നിവയുടെ പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിച്ചു. വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി നാഷണൽ ഹൈവേയിൽ (NH 966) റോഡ് കട്ടിങ് പെർമിഷൻ ലഭ്യമായിട്ടില്ല. നാഷണൽ ഹൈവേയിൽ വിതരണ ശൃംഖല സ്ഥാപിച്ചാൽ മാത്രമേ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും കുടിവെള്ളം എത്തിക്കാൻ സാധിക്കുകയുള്ളു. 88.575 കിലോ മീറ്റർ വിതരണ ശൃംഖലയിൽ 77.163 കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു.

**അകത്തേത്തറ ഗ്രാമപഞ്ചായത്ത്**

ഈ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്.

**മലമ്പുഴ ഗ്രാമപഞ്ചായത്ത്**

മലമ്പുഴ വാട്ടർ അതോറിറ്റി കോമ്പൗണ്ടിൽ നിന്നുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന മലമ്പുഴ ജല ജീവൻ മിഷൻ പാക്കേജ് I പ്രവർത്തി അവസാന ഘട്ടത്തിലാണ് എന്നാൽ കഞ്ചിക്കോട് മലമ്പുഴ റോഡിൽ 5km നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഈ പ്രവൃത്തിയിലും പൊതുമരാമത്ത് വകുപ്പിന്റെ റെസ്റ്റോറേഷൻ പ്രവൃത്തികൾ നടക്കുന്നതിനാൽ DLP പീരീഡ് നു ശേഷം മാത്രമേ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുകയുള്ളു എന്ന് PWD അറിയിച്ചു.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ പഞ്ചായത്തിലെ തെക്കേ മലമ്പുഴ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ച് ഗാർഹിക കുടിവെള്ള കണക്ഷൻ (814 എണ്ണം) നൽകുന്ന പ്രവൃത്തിയിൽ ഇതുവരെ 35 km പൈപ്പ് ലൈൻ സ്ഥാപിച്ച് 500 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. ഇനി പൈപ്പ് ലൈൻ സ്ഥാപിക്കാൻ ശേഷിക്കുന്ന 22 കിലോ മീറ്റർ PWD റോഡിലും, 2 കിലോ മീറ്റർ KRFB റോഡിലും റോഡ് കട്ടിങ് അനുമതി ലഭിക്കാനുണ്ട്. മലമ്പുഴ പഞ്ചായത്തിൽ തെക്കേ മലമ്പുഴയിൽ നിർമിക്കേണ്ട 3 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി ടെൻഡർ 23% അധിക നിരക്കിലാണ് ക്വാട്ട് ചെയ്തത്. തുടർന്ന് പ്രവൃത്തി പുനർദർഘാസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി

പൂർത്തീകരിച്ചെങ്കിൽ മാത്രമേ തെക്കേ മലമ്പുഴ ഭാഗത്തുള്ള കണക്ഷനുകളിൽ കുടിവെള്ളം എത്തിക്കുവാൻ സാധിക്കുകയുള്ളൂ.

**കൊടുമ്പ് ഗ്രാമപഞ്ചായത്ത്**

ഈ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. ആദ്യഘട്ടത്തിലെ പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിച്ചു. രണ്ടാംഘട്ടത്തിലെ പ്രവൃത്തികൾ നടന്നുവരികയാണ്.

**എലപ്പുള്ളി ഗ്രാമപഞ്ചായത്ത്**

എലപ്പുള്ളി പഞ്ചായത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി 193.59Km വിതരണ ശൃംഖല സ്ഥാപിച്ചു. ബാലൻസ് പ്രവൃത്തിയുടെ ടെൻഡർ നടപടികൾ കഴിഞ്ഞു.വർക്ക് ഓർഡർ നൽകുന്നതിനുള്ള ഉത്തരവ് NJJM ൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

**പുതുശ്ശേരി ഗ്രാമ പഞ്ചായത്ത്**

പുതുശ്ശേരി പഞ്ചായത്തിലെ പ്രവൃത്തികൾ 81% പൂർത്തീകരിച്ചു. 86.55 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിക്കാനുള്ളതിൽ 73.512 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു.

**ജെജെഎം കണക്ഷൻ - പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | ജൽ ജീവൻ മിഷനു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ജൽ ജീവൻ മിഷൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ |
|---|---|---|---|
| അകത്തേത്തറ | 8925 | 4455 | 3406 |
| എലപ്പുള്ളി | 10113 | 389 | 8493 |
| കൊടുമ്പ് | 8878 | 935 | 4006 |
| മലമ്പുഴ | 5183 | 2244 | 1429 |
| മരുതറോഡ് | 11004 | 2029 | 6713 |
| മുണ്ടൂർ | 7813 | 257 | 3 |
| പുതുപ്പരിയാരം | 10567 | 4208 | 3165 |
| പുതുശ്ശേരി | 17771 | 2310 | 7546 |